**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4157** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ മന്ദിരങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലപരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തി ന്റെ ഭാഗമായി 5കോടി, 3കോടി, 1കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമി ക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ശ്രീകണ്ഠപുരം ഗവ.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ഇരിക്കൂർ ഗവ.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ചുഴലി ഗവ. എച്ച്. എസ്.എസ്, ശ്രീപുരം ഗവ. എച്ച്. എസ്.എസ് എന്നീ സ്കൂളുകളുടെ ഡിപിആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. 1കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ജി.എച്ച്.എസ് രായരോം, ജി.വി.എച്ച്. എസ്.എസ് കാർത്തികപുരം, ജി.എച്ച്.എസ്. എസ്. കണിയഞ്ചാൽ എന്നീ സ്കൂളുകളുടെ ഡിപിആർ കിഫ്ബി അംഗീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ജി.എച്ച്.എസ്.നെടുങ്ങോം - ഡിപിആർ കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ചു. ജി.എച്ച്.എസ്.എസ്. ഉളിക്കൽ - ഡിപിആർ കിഫ്ബി അംഗീകരിച്ചു. വർക്ക് അവാർഡ് ചെയ്ത് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ എസ്.ഡി.എഫ്, ആസ്തി വികസന ഫണ്ട്, കിഫ്ബി, നബാർഡ്, പ്ലാൻഫണ്ട് എന്നിവ ഉപയോഗിച്ച് പൂർത്തീകരിച്ചതും നിർമ്മാണം നടന്നു വരുന്നതുമായ സ്കൂൾ മന്ദിരങ്ങളുടെ പേര് വിവരം നൽകാമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 1. 09/02/2018-ൽ മലപ്പട്ടം കുഞ്ഞിക്കണ്ണൻ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് 278 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. 2. 10/03/2020 -ൽ നെടുങ്ങോം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി ആരംഭിച്ചിട്ടില്ല. 3. 19/10/2019 -ൽ ചുഴലി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 4. 2018-19 സാമ്പത്തിക വർഷത്തിലെ ലാബ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ കണ്ണൂർ ഉളിക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്. 5. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചുഴലി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു. 6. നുച്യാട് ജി.യു.പി.എസ് -ന് 2017-18 വർഷത്തിൽ 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഗ്രൗണ്ട് ഫ്ലോർ റൂഫ് കോൺക്രീറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 7. നരിക്കോട്ടുമല ജി.എൽ.പി.എസ്-ന് 2019-20 വർഷത്തിൽ 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | 2001-ൽ രൂപീകരിച്ച ഐ.ടി @സ്കൂൾ പ്രോജക്ട് സ്കൂളുകളിൽ പൊതുവായി നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഐടി@സ്കൂൾ പ്രോജക്ട് 2017 മുതൽ കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ പ്രത്യേക സർക്കാർ കമ്പനിയായി പ്രവർത്തിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളും സ്കൂളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും കൈറ്റാണ് നടപ്പിലാക്കിയത്. ഇരിക്കൂർ മണ്ഡലത്തിലെ 25 സെക്കന്ററി - ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി ക്യാമ്പസ്സുകളിൽ ഹൈടെക് പദ്ധതിയുടെ ഭാഗമായി 503 ലാപ്ടോപ്പ്, 383 പ്രോജക്ടർ, 360 പ്രോജക്ട് മൗണ്ടിംഗ് കിറ്റ്, 276 വൈറ്റ് സ്ക്രീൻ, 41 43” ടെലിവിഷൻ, 41 മൾട്ടി ഫങ്ഷൻ പ്രിന്റർ, 41 ഡി.എസ്.എൽ.ആർ ക്യാമറ, 41 വെബ്ക്യാം, 367 യു.എസ്.ബി സ്പീക്കർ എന്നിവയും 95 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലായി 505 ലാപ്ടോപ്പ്, 215 പ്രോജക്ടർ, 499 യു.എസ്.ബി സ്പീക്കർ എന്നിവ ലഭ്യമാക്കുകയും എല്ലാ സർക്കാർ, എയ്ഡഡ് സെക്കന്ററി - ഹയർ സെക്കന്ററി സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ഉപകരണങ്ങൾക്കും സൗകര്യങ്ങൾക്കുമൊപ്പം 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലും |

| | | | |
|---|---|---|---|
| | | | അതുപയോഗിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ